AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 27/2019 15.02.2019

## കേരളത്തെ കീടനാശിനി വിമുക്തമാക്കാൻ കൃഷി ഭക്ഷ്യസുരക്ഷ വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കും.

ജൈവ പച്ചക്കറി ബ്രാന്റുകളിലെ കീടനാശിനി സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ജനുവരി 29ന് കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. യോഗത്തിൽ കൃഷിവകുപ്പിലെയും ഭക്ഷ്യസുരക്ഷാ വകുപ്പിലെയും ഉന്നതോദ്യോഗസ്ഥർ പങ്കെടുത്തു. യോഗത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

- ഗ്ലൈഫോസേറ്റ് എന്ന കളനാശിനിയുടെ വില്പനയും നിയന്ത്രണവും അടിയന്തിരമായി നിയന്ത്രിക്കുക
- കീടനാശിനി വിഷബാധയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഭക്ഷ്യവകുപ്പും കൃഷിവകുപ്പും സംയുക്തമായി നടപടികൾ സ്വീകരിക്കുക.
- ഫുഡ്സേഫ്റ്റി രജിസ്ട്രേഷന് അപേക്ഷിക്കുന്ന ഭക്ഷ്യസംരംഭകർ ഉല്പന്നങ്ങൾ കീടനാശിനി മുക്തമാണെന്ന് റിപ്പോർട്ട് സമർപ്പിക്കണം.
- ഫുഡ് സേഫ്റ്റി ലൈസൻസ് നൽകുന്നതിന് മുന്നോടിയായി അസിസ്റ്റന്റ് സുരക്ഷാ കമ്മീഷണർമാർ പരിശോധന നടത്തിയിരിക്കണം
- ജൈവ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഒരു സാമ്പിൾ വീതം എല്ലാ മാസവും പരിശോധിക്കണം.
- കീടനാശിനി രാസവള വ്യാപാരികൾക്കും ഇവ ഉപയോഗിക്കുന്ന കർഷകർക്കും തൊഴിലാളികൾക്കും പരിശീലനം ലഭ്യമാക്കണം.
- തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, മെഡിക്കൽ പരിശോധന എന്നിവ നിർബന്ധമാക്കണം.
- കീടനാശിനിപ്രയോഗ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പൂർണ വിവരങ്ങൾ കൃഷിഭവനുകളിൽ പ്രദർശിപ്പിക്കണം.
- അഗ്രോ ക്ലീനിക്കുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കണം.

- നെൽകൃഷി മേഖലകളിൽ കീടനാശിനികളുടെ സുരക്ഷ ഉപയോഗം സംബന്ധിച്ച് ലഘുലേഖകൾ കർഷകർക്ക് ലഭ്യമാക്കണം.
- വകുപ്പുതലത്തിലുള്ള പരിശോധന സംവിധാനങ്ങൾ കർശനമാക്കണം
- ജൈവകാർഷികോല്പന്ന വിപണികളിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണം.

രാസകീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം 2015-16 വർഷത്തെ അപേക്ഷിച്ച് 2017-18ൽ 17-26 ശതമാനം കുറഞ്ഞിട്ടുണ്ടെന്നും അതേസമയം ജൈവ കീട-കുമിൾ നാശിനികളുടെ ഉപയോഗം 15.47 ശതമാനം കൂടിയിട്ടുണ്ടെന്നും യോഗം വിലയിരുത്തി. കേരളത്തെ സമ്പൂർണ ജൈവ സംസ്ഥാനമായി മാറ്റുന്നതിന് ശക്തി പകരുന്നതിന് ഗ്ലൈഫോസേറ്റ് ഉപയോഗം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത കൃഷി മന്ത്രി ഊന്നിപ്പറഞ്ഞു.

യോഗത്തിൽ കൃഷിവകുപ്പു മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാറിന് പുറമേ കാർഷികോല്പാദന കമ്മീഷണർ ശ്രീ.ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ്, കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. രത്തൻ.യു.ഖേൽക്കർ, ഡോ. പി.കെ.ജയശ്രീ ഐ.എ.എസ്., ഫുഡ് സേഫ്റ്റി ജോയിന്റ് കമ്മീഷണർ എ.കെ.മിനി ഐ.എ.എസ്. തുടങ്ങിയവർ പങ്കെടുത്തു

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314